# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 62 02.12.2015 - ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാർ ഡാം മേൽ നോട്ട സമിതിയുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.എ. ബേബി<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. സാജു പോൾ | | പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മുല്ലപ്പെരിയാർ ഡാം മേൽ നോട്ട സമിതി സംസ്ഥാനത്തിന്റെ ആശങ്കകൾ ദൂരീകരിക്കാനുള്ള നടപടി സ്വീകരിച്ചിരുന്നോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;<br><br>(ബി) കേന്ദ്ര സർക്കാരിനെയും കേന്ദ്ര ജലകമ്മീഷനേയും ഇക്കാര്യത്തിൽ സമീപിച്ചിരുന്നോ; എങ്കിൽ പ്രതികരണം എന്തായിരുന്നെന്ന് വെളിപ്പെടുത്താമോ; | (എ) യും (ബി) യും | നടപടി സ്വീകരിച്ചിരുന്നു. ജലനിരപ്പ് സുപ്രീംകോടതി നിർ ദ്ദേശിച്ച പ്രകാരം ഉയർത്തുമ്പോൾ അതുമൂലം കേരളത്തിലെ ജനങ്ങൾക്കുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനുള്ള എല്ലാ ക്രിയാത്മക നടപടികളും സ്വീകരിക്കണമെന്നും ആവശ്യമായ മുൻകരുതലുകൾ എടുക്കണമെന്നും കേരളം മേൽ നോട്ടസമിതി ചെയർമാനോടും കേന്ദ്ര സർക്കാരിനോടും യഥാസമയം അഭ്യർത്ഥിച്ചിരുന്നു. 2014 വർഷത്തിൽ വടക്കുകിഴക്കൻ മൺസൂൺ ശക്തിപ്പെട്ടപ്പോൾ നീരൊഴുക്ക് വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി മേൽ നോട്ട സമിതിയുടെ യോഗം എത്രയും പെട്ടെന്ന് വിളിച്ചുചേർക്കണമെന്ന് കേരളം മേൽ നോട്ട സമിതി ചെയർമാനോട് വീണ്ടും ആവശ്യപ്പെടുകയുണ്ടായി. ജലനിരപ്പ് 138 അടിയോട് അടുത്തപ്പോൾ തമിഴ്നാട് ജലനിരപ്പ് ഉയർത്തുന്നതു സസൂക്ഷ്മം നടത്തണമെന്നും മേൽ നോട്ടസമിതി 30.11.2015 - ൽ കൂടുന്നതുവരെ ജലനിരപ്പ് 140 അടിയ്ക്ക് മുകളിൽ ഉയർത്തരുതെന്നും സമിതി ചെയർമാൻ |

ശ്രീ. എൽ.എ. വി. നാഥൻ തമിഴ്നാട് മെമ്പർ ശ്രീ. എൻ.എസ്. പളനിയപ്പനെ കത്ത് മുഖേന അറിയിക്കുകയും ആ കത്തിന്റെ പകർപ്പ് കേരള പ്രതിനിധിക്ക് അയയ്ക്കുകയും ചെയ്തു. 30.11.2015 - ൽ എട്ടാമത്തെ മേൽ നോട്ട സമിതി കൂടുകയും സ്ഥിതിഗതികൾ വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. 142 അടിയിൽ ജലനിരപ്പ് കവിയാത്ത വിധം സ്പിൽ വേ ഗേറ്റുകൾ ക്രമേണ തുറന്ന് പുറത്തേയ്ക്കുള്ള ജലത്തിന്റെ ഒഴുക്ക് ജനങ്ങൾക്ക് പ്രയാസമുണ്ടാകാത്ത തരത്തിൽ ക്രമീകരിക്കുവാനും സമിതി തമിഴ്നാടിന് നിർ ദ്ദേശം നൽകി. കൂടാതെ ക്രമാതീതമായി മഴ തുടരുകയും ജലനിരപ്പ് 142 അടി കവിയാൻ സാദ്ധ്യത വരികയും ചെയ്യുന്ന അവസരം വന്നാൽ വൈഗ ജലാശയത്തിലേക്ക് വെള്ളം തിരിച്ച് വിടാനും സമിതി തമിഴ്നാടിന് നിർ ദ്ദേശം നൽകുകയും ചെയ്തു. 01.12.2015 - ലെ ജലനിരപ്പ് 139.5 അടിയാണ്. ഇപ്പോൾ മഴയുടെ തീവ്രത നന്നേ കുറഞ്ഞിട്ടുണ്ട്.

(സി) സുപ്രീംകോടതി നിർ ദ്ദേശിച്ച പ്രകാരം മേൽ നോട്ട സമിതി കാലാകാലങ്ങളിൽ ഡാം സുരക്ഷിതത്വം പരിശോധിക്കുകയും സംസ്ഥാന താല്പര്യത്തിന് തൃപ്തികരമായ രീതിയിൽ മുൻകരുതൽ നടപടികളും സുരക്ഷാ നടപടികളും എടുക്കാൻ കേരളത്തിനും തമിഴ്നാടിനും നിർ ദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടോ;

(സി) മേൽ നോട്ട സമിതിയുടെ 8 (എട്ട്) യോഗങ്ങൾ നാളിതുവരെ ചേർന്നിട്ടുണ്ട്.

ഡാമിന്റെ സുരക്ഷിതത്വം സംബന്ധിച്ച്; മിക്കയോഗങ്ങൾക്കും മുന്നോടിയായി സമിതി പരിശോധന നടത്തുകയും ഉണ്ടായിട്ടുണ്ട്. ഡാമിന്റെ സുരക്ഷ സംബന്ധിച്ച് കേരള സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിച്ച് കിട്ടുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്ന്

കേരളത്തിന്റെ പ്രതിനിധി; സമിതിയുടെ യോഗങ്ങളിൽ നിരന്തരം ആവശ്യപ്പെടാറുണ്ട്. കൂടാതെ മുല്ലപ്പെരിയാർ വിഷയത്തിൽ കേരള ജനതയ്ക്കുള്ള ആശങ്കകൾ

പരിഹരിക്കുന്നതിലേക്കായി; ഡാമിന്റെ സുരക്ഷ ഉറപ്പാക്കുന്നതിനായിട്ടുള്ള എല്ലാ ക്രമീകരണങ്ങളും നിലവിലുള്ള മാർഗ്ഗനിർ ദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഏർ പ്പെടുത്തണമെന്ന് മേൽ നോട്ട സമിതി ചെയർമാനോടും, തമിഴ്നാട് സർക്കാരിനോടും

കേരളത്തിന്റെ പ്രതിനിധി രേഖാമൂലവും ആവശ്യപ്പെട്ടിട്ടുണ്ട്. അതിനാവശ്യമായ നിർ ദ്ദേശങ്ങൾ കാലാകാലങ്ങളിൽ മേൽ നോട്ട സമിതി തമിഴ്നാടിന് നൽകുകയും അത് തമിഴ്നാട് പാലിക്കുന്നുണ്ടോ എന്ന് വിലയിരുത്തി വരികയും ചെയ്യുന്നു.

(ഡി) സമിതിയുടെ നടപടികൾ തൃപ്തികരമായ രീതിയിലല്ലെങ്കിൽ അക്കാര്യം സുപ്രീംകോടതിയുടെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(ഡി) മേൽ നോട്ട സമിതിയുടെ പ്രവർത്തനം സംബന്ധിച്ചുള്ള കാര്യങ്ങൾ ബഹു. സുപ്രീംകോടതിയുടെ ശ്രദ്ധയിൽ പ്പെടുത്തേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. മേൽ നോട്ട സമിതിയിലെ കേരളത്തിന്റെ പ്രതിനിധി സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിച്ചുകിട്ടുന്നതിനായി സമിതി യോഗങ്ങളിൽ ശക്തമായി വാദിക്കാറുണ്ട്. മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിനുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ ക്രിയാത്മക നിർ ദ്ദേശങ്ങൾ പരിഗണിയ്ക്കുന്ന കാര്യത്തിൽ മേൽ നോട്ട സമിതിയുടെ സമയോചിതമായ ഇടപെടൽ ഉണ്ടാകാതിരുന്ന അവസരത്തിൽ, ഇക്കാര്യത്തിലുള്ള സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് യഥാസമയം കേന്ദ്ര സർക്കാരിനേയും കേന്ദ്രജലകമ്മീഷനേയും അറിയിച്ചിരുന്നു

**സെക്ഷൻ ഓഫീസർ**